# പതിനഞ്ചാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2023-2026)

## എഴുപത്തിയാറാമത് റിപ്പോർട്ട്

(2026 ജനുവരി 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
**2026**

**പതിനഞ്ചാം കേരള നിയമസഭ**

**പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി**
**(2023–2026)**

# എഴുപത്തിയാറാമത് റിപ്പോർട്ട്

**സമിതി (2021–2023)യുടെ 9–ാമത് റിപ്പോർട്ടിന്മേലുള്ള (കാസർഗോഡ് ജില്ലയിലെ കേരള ജല അതോറിറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്വതന്ത്രപഠനം സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**(2026 ജനുവരി 27–ാം തീയതി സഭയിൽ സമർപ്പിച്ചത്)**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .... | v |
| ആമുഖം | .... | vii |
| റിപ്പോർട്ട് | .... | 1 |

## പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023–2026)

### ഘടന

**ചെയർപേഴ്സൺ :**

ശ്രീ. ഇ. ചന്ദ്രശേഖരൻ

**അംഗങ്ങൾ :**

ശ്രീ. എ. പി. അനിൽകുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. പി. നന്ദകുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി സിന്ധു റ്റി. ജി. ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

# ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023–2026)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി (2021–2023)യുടെ 9–ാമത് റിപ്പോർട്ടിലെ (കാസർഗോഡ് ജില്ലയിലെ കേരള ജല അതോറിറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്വതന്ത്രപഠനം സംബന്ധിച്ച റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച് തയ്യാറാക്കിയ ..........76.........–ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക 21.08.2024, 13.08.2025 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിച്ചു.

സമിതി (2023–26)യുടെ .21.01.2026.ലെ യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ഇ. ചന്ദ്രശേഖരൻ,**

**ചെയർപേഴ്സൺ,**

**പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.**

തിരുവനന്തപുരം,

27.01.2026.

# റിപ്പോർട്ട്

സമിതി (2021–2023)യുടെ 9–ാമത് റിപ്പോർട്ട് (കാസർഗോഡ് ജില്ലയിലെ കേരള ജല അതോറിറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്വതന്ത്രപഠനം സംബന്ധിച്ച റിപ്പോർട്ട്) 2023 ഫെബ്രുവരി 8–ന് സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ പതിമൂന്ന് ശിപാർശകളാണ് ഉൾപ്പെട്ടിട്ടുള്ളത്. എല്ലാ ശിപാർശകൾക്കും ജലവിഭവ വകുപ്പിൽ നിന്നും കൂടാതെ 6–ാമത് ശിപാർശയിന്മേൽ വിനോദസഞ്ചാരവകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രിക 21.08.2024–ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും 4, 5, 8, 9, 11, 13 എന്നീ ഖണ്ഡികകളിലെ മറുപടികൾ അംഗീകരിക്കുകയും 1, 2, 3, 6, 7, 10, 12 എന്നീ ഖണ്ഡികകളിന്മേൽ അധികവിവരം ആരായുകയും ചെയ്തു. സർക്കാരിൽ നിന്നും ലഭ്യമായ അധികവിവരം 13.08.2025–ലെ ഫയൽ അദാലത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകളും, അവയിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികളും അധികവിവരങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

# സമിതിയുടെ ശിപാർശകളും സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

| | | |
|---|---|---|
| 1 | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് നഗരസഭയിൽ പോലും കുടിവെള്ളവിതരണം പൂർണ്ണതോതിൽ നടപ്പാക്കിയിട്ടില്ല എന്നത് സമിതി അതീവഗൗരവത്തോടുകൂടിയാണ് വീക്ഷിക്കുന്നത്. ജില്ലയിലെ മേജർ സ്കീമായ ബാവിക്കര ജല ശുദ്ധീകരണശാലയ്ക്ക് 2017-ൽ ഭരണാനുമതി ലഭിച്ചെങ്കിലും രണ്ടു ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഇതുവരെ ലഭ്യമായിട്ടില്ല എന്നത് പദ്ധതി പൂർത്തീകരണത്തിനുള്ള പ്രധാന വെല്ലുവിളിയാണെന്ന് സമിതി നിരീക്ഷിക്കുന്നു. 2023 മാർച്ച് 31-ഓടുകൂടി പൂർത്തീകരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പാക്കുന്ന ഈ പദ്ധതിക്ക് പ്രധാന തടസ്സമായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിയും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും റിപ്പോർട്ട് രണ്ടു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി 5 പാക്കേജുകളായാണ് നടപ്പിലാക്കി വരുന്നത്.<br>ഇതിൽ 3 പാക്കേജുകളുടെ പണികൾ ഇതിനോടകം പൂർത്തീകരിച്ചു. പൂർത്തീകരിച്ച പാക്കേജുകൾ താഴെ പറയുന്നു.<br><br>പാക്കേജ് 2- റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ബോവികാണത്തുള്ള 11 LL ഉപരിതല ജലസംഭരണി, റോ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ സബ്സ്റ്റേഷൻ എന്നിവ<br><br>പാക്കേജ് 3- 55 MLD ജലശുദ്ധീകരണശാല. 23 LL ക്ലിയർ വാട്ടർ സമ്പ് - ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ<br><br>പാക്കേജ് 4- വിദ്യ നഗറിൽ ഉള്ള 21 LL & 5 LL ഉപരിതല ജലസംഭരണികൾ, പുളിങ്കുന്നത്തുള്ള 8 LL ഉപരിതല ജലസംഭരണി, ഗ്രാവിറ്റി മെയിൻ<br><br>പാക്കേജ് 1- KSEB യുടെ ഡെപ്പോസിറ്റ് വർക്ക് ആയി നടപ്പിലാക്കുന്ന പവർ ലൈൻ എക്സ്റ്റൻഷൻ പണികൾ 60% പൂർത്തീകരിച്ചു.<br><br>പാക്കേജ് 5- ചെമ്മനാട് പഞ്ചായത്തിൽ വരുന്ന ജല സംഭരണികൾക്കുള്ള സ്ഥലം 2023 ഫെബ്രുവരി മാസം റവന്യൂ വകുപ്പിൽ നിന്നും ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയായി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതി നൽകുന്നതിനുള്ള സൂക്ഷ്മ പരിശോധനയിൽ ആണ്. ടെൻഡർ നടപടികൾ ഉടൻ |

| | | |
|---|---|---|
| | | സ്വീകരിക്കുന്നതാണ്. |
| | **സമിതി ആരാഞ്ഞ അധികവിവരം**<br><br>കിഫ്ബി ധനസഹായത്തോടെ കാസർഗോഡ് മുനിസിപാലിറ്റിയിലും ചെമ്മനാട് പഞ്ചായത്തിലും നടപ്പിലാക്കുന്ന അഞ്ചു കുടിവെള്ള പദ്ധതികളിൽ മുന്നെണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ചുവെന്നും പാക്കേജ് 1 ന്റെ പവർലൈൻ എക്സ്റ്റൻഷൻ പണികൾ 60% പൂർത്തീകരിച്ചിട്ടുണ്ടെന്നും പാക്കേജ് 5-ന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ റവന്യൂ വകുപ്പിൽ നിന്നും പൂർത്തിയാക്കി ലഭ്യമായിട്ടുണ്ടെന്നും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതി നൽകുന്നതിനുള്ള സൂക്ഷ്മ പരിശോധനയിലാണെന്നും ടെണ്ടർ നടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതാണെന്നും വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ പ്രതിപാദിച്ചിരുന്നു. ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കുക. | കിഫ്ബി ധനസഹായത്തോടെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലും ചെമ്മനാട് പഞ്ചായത്തിലും നടപ്പിലാക്കുന്ന അഞ്ചു കുടിവെള്ള പദ്ധതികളിൽ ഒന്ന് മുതൽ നാലു വരെയുള്ള പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പാക്കേജ് 5-ൽ വരുന്ന ഗ്രാവിറ്റി മെയിനിന്റെയും ഉന്നതതല ജലസംഭരണികളുടെയും സാങ്കേതിക അനുമതി 21.02.2024-ൽ നൽകി. 3 പ്രാവശ്യം ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും സാങ്കേതികാനുമതി നൽകി. ആദ്യത്തെ ദർഘാസിൽ ആരും പങ്കെടുത്തില്ല. 13/11/2024 വരെ എക്സ്റ്റെൻഡ് ചെയ്ത റീ ടെണ്ടറിൽ ഒരു ബിഡ്ഡർ പങ്കെടുത്തിട്ടുണ്ട്. ദർഘാസിന്റെ തുടർനടപടികൾ പുരോഗമിക്കുന്നു. |
| 2 | കാസർഗോഡ് നഗരസഭയിൽ 10,400 കണക്ഷനുകൾക്കുള്ള ഭരണാനുമതി ലഭിച്ചുവെങ്കിലും ഗ്രാവിറ്റി പൈപ്പും ടാങ്കും പണിയാൻ സാധിച്ചിട്ടില്ലാത്തതിനാൽ കണക്ഷനുകൾ കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. നഗരസഭ പരിധിക്കുള്ളിലെ വിതരണ സംവിധാനം അമൃത് II പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം കിഫ്ബി പദ്ധതിയിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ കൂടി ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. | നഗരസഭ പരിധിയിൽ സോൺ 3 b ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും നഗരസഭയിൽ ആകെ 2500 കണക്ഷനുകൾ നൽകുന്നതിനും അമൃത് 2.0 യിൽ 11.14 കോടി രൂപയുടെ ഭരണാനുമതി 21/03/2023-ലെ സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ അധിക പ്രവൃത്തിയായി 20 Km പൈപ്പ് ലൈനും 500 കണക്ഷനുകളും നൽകുന്നതിന് 7.426 കോടി രൂപയുടെ മറ്റൊരു പ്രൊപ്പോസൽ കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. |
| | **സമിതി ആരാഞ്ഞ അധികവിവരം**<br><br>കാസർഗോഡ് നഗരസഭ പരിധിയിൽ 2500 | കാസർഗോഡ് നഗരസഭ പരിധിയിൽ |

| | | |
|---|---|---|
| | കണക്ഷനുകൾ നൽകുന്നതിന് അമൃത് 2.0 പദ്ധതിയിൽ 11.14 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും കൂടാതെ 20 km പൈപ്പ് ലൈനും 500 കണക്ഷനുകളും നൽകുന്നതിന് 7.426 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയിന്മേൽ പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുക. | അമൃത് 2.0-ൽ ഉൾപ്പെട്ട 11.14 കോടി രൂപയുടെ പ്രവൃത്തിക്ക് 07/10/2023-ന് വർക്ക് ഓർഡർ നൽകി. കരാർ നടപ്പിലാക്കി പ്രവൃത്തി പുരോഗമിച്ചു വരുന്നു. പി.വി.സി, ഡി. ഐ. പൈപ്പ് സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തിയിൽ ഏകദേശം 13.55 കിലോമീറ്റർ പി.വി.സി പൈപ്പും 354 മീറ്റർ ഡി. ഐ. പൈപ്പും 584 എണ്ണം കുടിവെള്ള കണക്ഷനും നൽകിയിട്ടുണ്ട്. തുടർന്നുള്ള പ്രവൃത്തികൾ നടന്നുവരുന്നു. 7.426 കോടി രൂപയുടെ പ്രൊപ്പോസൽ SWAP-3 യിൽ ഉൾപ്പെടുത്തി 22/11/2024-ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| 3 | 1976-ൽ കാസർഗോഡ് നഗരസഭയിൽ പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം ആയത് മാറ്റി സ്ഥാപിച്ചിട്ടില്ലാത്തതിനാൽ സ്ഥിരമായി പൈപ്പുകൾ പൊട്ടുന്ന സ്ഥിതിവിശേഷമുണ്ടെന്നും സമയബന്ധിതമായ ഇടപെടൽ ഇല്ലാതെ ലക്ഷക്കണക്കിനുള്ള കുടിവെള്ളം നഷ്ടമാകുന്ന അവസ്ഥയുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയത് പരിഹരിക്കാത്തത് ജല അതാറിറ്റിയുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാണെന്ന് സമിതി കരുതുന്നു. ഈ അവസ്ഥയ്ക്ക് വിരാമമിടേണ്ടത് അനിവാര്യമായതിനാൽ പൈപ്പ് ലൈനുകളുടെ ചോർച്ചകളും കേടുപാടുകളും സമയബന്ധിതമായി പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ലൂ ബ്രിഗേഡ് സംവിധാനം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കണമെന്നും കാലഹരണപ്പെട്ട പൈപ്പ് ലൈനുകൾ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 1976-ൽ സ്ഥാപിച്ച കാസർഗോഡ് നഗരസഭ കുടിവെള്ള പദ്ധതിയുടെ ബോവിക്കാനം മുതൽ വിദ്യനഗർ വരെയുള്ള 350 മി.മി. എ.സി. പൈപ്പുലൈനുകൾ മാറ്റി 450 മി.മി വ്യാസമുള്ള ഡി.ഐ. പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. തന്മൂലം പ്രധാന പൈപ്പിലെ ലീക്ക് മൂലമുള്ള ജലനഷ്ടം ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ വിദ്യാനഗർ മുതൽ കാസർഗോഡ് ഗിരി ജംഗ്ഷൻ വരെയുള്ള പ്രധാന പൈപ്പുലൈനുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നഗര പ്രദേശങ്ങളിൽ പ്രധാന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാൻ വേണ്ടി അമൃത് 2 പദ്ധതി പ്രകാരമുള്ള പദ്ധതിക്ക് 11.14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് (സോൺ 3b), ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ബാക്കി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതാണ്. പൈപ്പ് ലൈൻ ചോർച്ച പരിഹരിക്കുന്നതിന് വേണ്ടി നിലവിലുള്ള ബ്ലൂ ബ്രിഗേഡ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. |

| | | |
|---|---|---|
| | **സമിതി ആരാഞ്ഞ അധികവിവരം**<br>കാസർഗോഡ് ജില്ലയിലെ നഗരപ്രദേശങ്ങളിൽ പ്രധാന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാൻ വേണ്ടി അമൃത് 2 പദ്ധതി പ്രകാരമുള്ള പദ്ധതിക്ക് 11.14 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ലഭ്യമാക്കുക. | കാസർഗോഡ് നഗരസഭ പരിധിയിൽ അമൃത് 2.0-ൽ ഉൾപ്പെട്ട 11.14 കോടി രൂപയുടെ പ്രവൃത്തിക്ക് 07/10/2023-ന് വർക്ക് ഓർഡർ നൽകി. കരാർ നടപ്പിലാക്കി പ്രവൃത്തി പുരോഗമിച്ചു വരുന്നു. പി. വി. സി, ഡി. ഐ പൈപ്പ് സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തിയിൽ ഏകദേശം 13.55 കിലോമീറ്റർ പി. വി. സി പൈപ്പും 354 മീറ്റർ ഡി. ഐ. പൈപ്പും 584 എണ്ണം കുടിവെള്ള കണക്ഷനും നൽകിയിട്ടുണ്ട്. തുടർന്നുള്ള പ്രവൃത്തികൾ നടന്നുവരുന്നു. |
| 4 | കണ്ണൂർ പ്രോജക്ട് ഡിവിഷന്റെ കീഴിലാണ് നിലവിൽ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ നടക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ജലജീവൻ മിഷൻ പ്രവൃത്തികൾ 2024-ൽ പൂർത്തീകരിക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന് കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേകമായ പ്രോജക്ട് ഡിവിഷൻ ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. പദ്ധതികളുടെ സുതാര്യമായ നിർവ്വഹണത്തിനും നടത്തിപ്പിനുമായി കാസർഗോഡ് കേന്ദ്രമായി ഒരു പ്രോജക്ട് ഡിവിഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതോടൊപ്പം ജീവനക്കാരുടെ കുറവും പരിഹരിക്കപ്പെടണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കേരള വാട്ടർ അതോറിറ്റിയുടെ ഉത്തരവ് നമ്പർ 29305/E2(A)/2022/KWA തീയതി 15.10.2022 പ്രകാരം പ്രോജക്ട് ഡിവിഷൻ മട്ടന്നൂറിനെ ഇല്ലാതാക്കിയാണ് കാസർഗോഡ് ജില്ലയിൽ പുതിയ പ്രോജക്ട് ഡിവിഷൻ രൂപീകരിച്ചത്. എന്നാൽ ജനപ്രതിനിധികളുടെ പ്രതിഷേധത്തെ തുടർന്ന് ടി നിർദ്ദേശം നടപ്പിലാക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് സർക്കാരിന്റെ നിർദ്ദേശപ്രകാരം കേരള വാട്ടർ അതോറിറ്റി ജോയിന്റ് മാനേജിംഗ് ഡയറക്ടറുടെ ഉത്തരവ് നമ്പർ 29305/E2(A)/2022/KWA തീയതി 04.10.2023 പ്രകാരം കാസർഗോഡ് ജില്ലയിൽ പുതിയ പ്രോജക്ട് ഡിവിഷൻ, കാഞ്ഞങ്ങാട് പുനർരൂപീകരിച്ചു ഉത്തരവ് ഇറക്കുകയും പ്രസ്തുത ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. |
| 5 | ജില്ലയിൽ നിലവിലുള്ള ശുദ്ധീകരണശാലകളിൽ പമ്പ് ഹൗസുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സുരക്ഷിതമായും സുഗമമായും ജോലി ചെയ്യുന്നതിനുള്ള സൗകര്യങ്ങളില്ല എന്നത് സമിതിക്ക് സന്ദർശനവേളയിൽ ബോധ്യപ്പെട്ടു. ബൃഹത്തായ കുടിവെള്ള പദ്ധതികളുടെ നട്ടെല്ലായി പ്രവർത്തിക്കുന്ന ശുദ്ധീകരണശാലയിൽ രാവും പകലും ഒരുപോലെ ജോലി ചെയ്യേണ്ടി വരുന്ന | നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ ശുദ്ധീകരണശാലകളിൽ ജീവനക്കാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾ നിലവിലുണ്ട്. നിലവിൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പമ്പ് ഹൗസുകളിൽ സ്ഥലലഭ്യതക്കനുസരിച്ച് അവ ഏർപ്പെടുത്തുന്നതിന് നടപടികൾ |

| | | |
|---|---|---|
| | ജീവനക്കാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് ജല അതോറിറ്റിയുടെ കർത്തവ്യമാണ് എന്ന് സമിതി വിലയിരുത്തുന്നു. ജില്ലയിൽ മുഴുവൻ ശുദ്ധീകരണശാലകളുടെ ഇൻടേക്ക് വെൽ പമ്പ് ഹൗസുകളിലും ജീവനക്കാർക്ക് സുരക്ഷിതമായി ജോലി ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും പുതുതായി രൂപകല്പന ചെയ്യുന്ന കുടിവെള്ള പദ്ധതികളിൽ പ്രാരംഭ ഘട്ടത്തിൽ തന്നെ ഇത്തരം സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | സ്വീകരിക്കുന്നതാണ്. കൂടാതെ പുതിയതായി രൂപകല്പന ചെയ്യുന്ന പദ്ധതികളിൽ ടി സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. |
| 6. | ബി.ആർ.ഡി.സി. പദ്ധതി ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിച്ച് 2010-ൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ & മെയിന്റനൻസിനു വേണ്ടി ജല അതോറിറ്റിക്ക് കൈമാറിയതാണെന്നും പ്രസ്തുത പദ്ധതിയുടെ സ്ഥാപിതശേഷി 7.4 MLD ആണെന്നും ഇതിൽ 3.5 MLD ജലമാണ് നിലവിൽ ബേക്കൽ മേഖലയിലെ റിസോർട്ടുകൾക്ക് നൽകുന്നതെന്നും സമീപ പഞ്ചായത്തുകളായ അജാനൂർ, പള്ളിക്കര, ഉദുമ എന്നിവിടങ്ങളിൽ 9758 കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ അസറ്റ് ഇതുവരെ ജലഅതോറിറ്റിക്ക് കൈമാറാത്തതിനാൽ കൂടുതൽ വർക്കുകളൊന്നും തന്നെ നടത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ വികസനപ്രവർത്തനങ്ങൾ വാട്ടർ അതോറിറ്റിക്ക് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ വിനോദ സഞ്ചാരവകുപ്പുമായി കൂടിയാലോചിച്ച് പരിഹാരം കാണുന്നതിന് ജലവിഭവവകുപ്പ് മുൻകൈയെടുക്കണമെന്ന് സമിതി നിർദേശിക്കുന്നു. | <u>**വിനോദസഞ്ചാര വകുപ്പ്**</u><br><br>ബി.ആർ.ഡി.സി.യുടെ ശുദ്ധജല വിതരണ പദ്ധതിക്കായുള്ള ഓപ്പറേഷൻ & മെയിന്റനൻസ് കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചിരുന്നുവെങ്കിലും ചുവടെ പരാമർശിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ പ്രസ്തുത പ്രോജക്ട് പൂർണ്ണമായും കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിന് സാധിക്കുകയുള്ളൂ<br><br>1. കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതി കൈമാറുന്നതിന് ബി.ആർ.ഡി.സി.യുടെ ഡയറക്ടർ ബോർഡ് തീരുമാനം എടുക്കേണ്ടതുണ്ട്.<br><br>2. ബി.ആർ.ഡി.സി. ഈ പദ്ധതിക്കായി ചെലവഴിച്ച തുക ബി.ആർ.ഡി.സി.ക്ക് കേരള വാട്ടർ അതോറിറ്റി / സർക്കാർ നൽകേണ്ടതായുണ്ട്.<br><br>3. 7 MLD പദ്ധതിയിൽ ബി.ആർ.ഡി.സി.യുടെ റിസോർട്ടുകൾക്കായി നീക്കിവച്ച 3 MLD ജലം റിസോർട്ടുകൾക്ക് മാത്രമായി നീക്കി വെക്കേണ്ടതും അത് ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്.<br><br>4. മേൽകാര്യങ്ങൾ എല്ലാം പരിഗണിച്ച് കൈമാറ്റം സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. |

| | | |
|---|---|---|
| | | **<u>ജലവിഭവ (ജലവിതരണ-സി) വകുപ്പ്</u>**<br>വിനോദ സഞ്ചാരവകുപ്പുമായി കൂടി ആലോചിച്ചു തീരുമാനം എടുക്കുന്നതാണ്. |
| | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><br>ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആരംഭിച്ച ജലവിതരണ പ്രവൃത്തികൾ ഭൂമിയുടെ ലഭ്യതക്കുറവ് മൂലം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നതും ആയതിനാൽ ചില പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ സാധിച്ചിട്ടില്ലായെന്നതും സ്ഥല സന്ദർശനം നടത്തി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രസ്തുത വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്തതുമായ പ്രവൃത്തിയെ സമിതി വിമർശിക്കുകയും ആയത് സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. | **<u>ജലവിഭവ (ജലവിതരണ-സി) വകുപ്പ്</u>**<br><br>2010-ലെ സർക്കാർ ഉത്തരവ് പ്രകാരം ബി. ആർ. ഡി. സി. നിർമ്മിച്ച കുടിവെള്ള പദ്ധതി ഓപ്പറേഷനും അറ്റകുറ്റപണികൾക്കുമായി KWA ഏറ്റെടുത്ത് ജലവിതരണം നടത്തുന്നു.<br><br>ബി. ആർ. ഡി. സി കുടിവെള്ള പദ്ധതി, 6 റിസോർട്ടുകൾക്കും സമീപ പഞ്ചായത്തുകളായ അജാനൂർ, പള്ളിക്കര, ഉദുമ, ചെമ്മനാട് എന്നിവിടങ്ങളിൽ ഭാഗികമായും ശുദ്ധജലവിതരണം നടത്തുന്നതിനു വേണ്ടി ബി. ആർ. ഡി. സി. നടപ്പാക്കിയ പദ്ധതിയാണ്. പിന്നീട് ഈ പദ്ധതി ഓപ്പറേഷൻ & മെയിന്റനൻസിനു വേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയാണ് ഉണ്ടായത്. എന്നാൽ പള്ളിക്കര, ഉദുമ, ചെമ്മനാട്, അജാനൂർ എന്നീ പഞ്ചായത്തുകളിൽ ആവശ്യമായ വിതരണ ശൃംഖലകളും ജലസംഭരണികളും സ്ഥാപിക്കാത്തതിനാൽ ഈ പഞ്ചായത്തുകളിലെ എല്ലാ ഭാഗങ്ങളിലും കുടിവെള്ള വിതരണം നടത്തുവാൻ സാധിച്ചിരുന്നില്ല. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി പള്ളിക്കര, ഉദുമ, അജാനൂർ, പുല്ലൂർ-പെരിയ എന്നീ പഞ്ചായത്തുകളിലും കൂടാതെ ബേഡഡുക്ക പഞ്ചായത്തിലെ കൊളത്തൂർ വില്ലേജിനും വേണ്ടി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധീകരണശാലയോട് കൂടിയുള്ള ഒരു ബൃഹദ് പദ്ധതിക്ക് ടെണ്ടർ നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ എല്ലാ ഭൂമിയും ഇതിനകം ലഭ്യമായിട്ടുണ്ട്. കൂടാതെ ചെമ്മനാട് പഞ്ചായത്തിന് വേണ്ടി കിഫ്ബി |

| | | |
|---|---|---|
| | | ധനസഹായത്തോടുകൂടി ജലസംഭരണിയും പ്രധാന പൈപ്പ് ലൈനുകളും സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെമ്മനാട് പഞ്ചായത്തിലേക്കുള്ള വിതരണ ശൃഖംല ജല ജീവൻ മിഷൻ പദ്ധതി മുഖേന സ്ഥാപിച്ചു വരുന്നുണ്ട്. മേൽ പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി അജാനൂർ, പള്ളിക്കര, ഉദുമ, ചെമ്മനാട് എന്നീ പഞ്ചായത്തുകളിലെ ജനങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. കൂടുതൽ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ തന്നെ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്.<br><br>ബി.ആർ.ഡി.സി. പദ്ധതിയുടെ അസറ്റ് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ഈ പദ്ധതിയുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാത്രമാണ് വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുള്ളത്. |
| 7 | ജലവിതരണത്തിന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി.യുടെ റോഡ് കട്ടിംഗ് പലപ്പോഴും ആവശ്യമായി വരുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. പലപ്പോഴും പി.ഡബ്ല്യൂ.ഡി.യുടെ അനുമതി കിട്ടാൻ ഉണ്ടാകുന്ന കാലതാമസം കാരണം വർക്കുകൾ ഇഴഞ്ഞുനീങ്ങുന്ന സ്ഥിതിയുമുണ്ട് എന്നും ആയതിനാൽ തന്നെ പദ്ധതി പൂർത്തീകരണമാകുമ്പോൾ എസ്റ്റിമേറ്റ് തുകയേക്കാൾ ഇരട്ടിയിലധികം തുക ചെലവാക്കേണ്ട അവസ്ഥ സംജാതമാകുന്നു എന്നതും പദ്ധതി പൂർത്തീകരണം അനന്തമായി നീളുന്ന സാഹചര്യവും നിലനിൽക്കുന്നു എന്നതും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും ഉൾപ്പെടുന്ന നിലവിലുള്ള ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് മുൻകൂർ അനുമതി നൽകുന്നതിനാവശ്യമായ അധികാരം | പൊതുമരാമത്ത് വകുപ്പുമായി കൂടിയാലോചിച്ചു തീരുമാനം എടുക്കുന്നതാണ്. |

| | | |
|---|---|---|
| | കൈമാറണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><br>വകുപ്പിന്റെ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും പ്രസ്തുത ശിപാർശയിന്മേൽ നിലവിലെ സ്ഥിതി അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. | ശിപാർശയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജല വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പൊതുമരാമത്ത്, ധനകാര്യം എന്നീ വകുപ്പുകളുമായി 07.05.2025-ന് യോഗം ചേരുകയും, ടി വിഷയവുമായി ബന്ധപ്പെട്ട വിശദമായ ശിപാർശ തയ്യാറാക്കി ധനകാര്യ വകുപ്പിന് നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് വരുന്നു. |
| 8 | പി.ഡബ്ല്യൂ.ഡി., വാട്ടർ അതോറിറ്റി, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ ആരംഭിക്കാൻ പോകുന്ന വർക്കുകൾ രേഖപ്പെടുത്താൻ കഴിയുന്ന ഒരു സംവിധാനം വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഏർപ്പെടുത്തണമെന്നും പ്രസ്തുത സംവിധാനത്തിൽ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളും ഭാവിയിൽ തയ്യാറാക്കുന്ന പ്രവൃത്തികളും ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ഇത് സംബന്ധിച്ച് ഒരു ഓൺലൈൻ സംവിധാനം ഇപ്പോൾ നിലവിലുണ്ട് (ROW). കൂടാതെ പൊതുമരാമത്ത് റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (G.O.(Ms) No. 11/2023/PWD Dated 14.02.2023) |
| 9. | വലിപ്പച്ചെറുപ്പമില്ലാതെ എല്ലാ ജലവിതരണ പദ്ധതികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്നും സ്രോതസ്സിന്റെ ശേഷി, ലഭ്യത, നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം, നിലവിലുള്ള ജലവിതരണ ക്ഷമത, പൈപ്പുകൾ, ടാങ്കുകൾ തുടങ്ങിയവയുടെ യഥാർത്ഥ സ്ഥിതി, ജലഗുണനിലവാരം, ശുദ്ധീകരണ സംവിധാനത്തിന്റെ കാര്യക്ഷമത, നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയവ ഇതിലൂടെ വിലയിരുത്തപ്പെടണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ജല അതോറിറ്റി വഴി നടപ്പിലാക്കുന്ന എല്ലാ കുടിവെള്ള പദ്ധതികളും സ്രോതസ്സിന്റെ ശേഷി, ജല ലഭ്യത എന്നിവ ഉറപ്പ് വരുത്തിയാണ് നടപ്പിലാക്കുന്നത്. കൂടാതെ ജല ശുദ്ധീകരണ ശാലകൾ, വിവിധ പമ്പിങ് മെയ്നുകൾ, വിതരണ ശൃംഖല എന്നിവയുടെ സ്ട്രക്ച്ചറൽ/ഹൈഡ്രോളിക് ഡിസൈൻ ഫീസിബിലിറ്റിയും ഉറപ്പുവരുത്തുന്നുണ്ട്. പദ്ധതിയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന പൈപ്പുകൾ സ്വതന്ത്ര ഏജൻസികളെ വച്ചും, ജല അതോറിറ്റി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലും കർശനമായ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. |

| | | |
|---|---|---|
| | | കൂടാതെ ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണ നിലവാരം ജല അതോറിറ്റി 83 എൻ.എ.ബി.എൽ ലാബിൽ ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിച്ച് വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജല വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താനായി റണ്ണിങ് കോൺട്രാക്ട് സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ അടിയന്തര സാഹചര്യങ്ങളിൽ പ്രവൃത്തി നേരിട്ട് നടപ്പാക്കാൻ ബ്ലൂ ബ്രിഗേഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| 10 | ജില്ലയിലെ വിവിധ പ്രവൃത്തികൾ ഭൂമി ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥയിലാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിനിടയിൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ കാര്യത്തിലും തീരുമാനമെടുക്കണമെന്നും മുഴുവൻ സ്ഥലവും ലഭിച്ചതിനു ശേഷം പ്രവൃത്തി തുടങ്ങാനിരുന്നാൽ കാലതാമസമുണ്ടാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രവൃത്തിക്കാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, കളക്ടർക്ക് നേരിട്ട് അനുമതി നൽകാൻ കഴിയുന്നത് 25 സെന്റ് ഭൂമിയാണെന്നിരിക്കെ സാങ്കേതികത്വം കൊണ്ട് കൂടുതൽ ഭൂമി ലഭ്യമാകാതെ വരുന്ന സ്ഥിതി ഒഴിവാക്കുന്നതിന് 25 സെന്റിൽ പരിമിതപ്പെടുത്തി ചെയ്യാൻ കഴിയുന്ന പ്രവൃത്തികൾ അത്തരത്തിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | പുതിയ ശുദ്ധജലവിതരണ പദ്ധതികൾ രൂപകൽപ്പന ചെയ്യുമ്പോൾ ഭൂമിയുടെ ഉപയോഗം പരമാവധി നിജപ്പെടുത്തുന്നതാണ്. |
| | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><br>കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്ന സമയത്തുതന്നെ പ്രവൃത്തിക്കാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സാങ്കേതികത്വം കാരണം കൂടുതൽ ഭൂമി ലഭ്യമാകാതെ വരുന്ന സ്ഥിതി ഒഴിവാക്കുന്നതിന് 25 സെന്റിൽ പരിമിതപ്പെടുത്തി പ്രവൃത്തികൾ ആരംഭിക്കണമെന്നുള്ള സമിതി ശിപാർശയിന്മേൽ നിലവിലെ സ്ഥിതി വിവരം | നിലവിൽ കാസർഗോഡ് ജില്ലയിൽ ജല ജീവൻ മിഷൻ കുടിവെള്ള പദ്ധതിക്കായി ലഭ്യമാകേണ്ട 2 സ്ഥലങ്ങൾ ഒഴികെ മറ്റെല്ലാ സ്ഥലങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.<br><br>പുതിയ ശുദ്ധജല വിതരണ പദ്ധതികൾ രൂപകൽപ്പന ചെയ്യുമ്പോൾ ഭൂമിയുടെ ഉപയോഗം പരമാവധി |

| | | |
|---|---|---|
| | ലഭ്യമാക്കുക. | നിജപ്പെടുത്തുന്നതാണ്. |
| 11 | ജില്ലയിലെ 6 പഞ്ചായത്തുകളിലെ വിവിധ ശുദ്ധജലവിതരണ പദ്ധതികൾക്ക് ഭരണാനുമതി ഇനിയും ലഭിച്ചിട്ടില്ല എന്നുള്ളത് സമിതി അതീവ ഗൗരവത്തോടെ കാണുന്നു. പദ്ധതി നിർവ്വഹണ ഏജൻസികൾ ഭരണാനുമതിക്കാവശ്യമായ രേഖകൾ ഭരണവകുപ്പിന് അടിയന്തരമായി സമർപ്പിക്കണമെന്നും ഭരണവകുപ്പ് താമസംവിനാ ഭരണാനുമതി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | എല്ലാ പഞ്ചായത്തുകളിലും ഉള്ള ജലജീവൻ മിഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 12.07.2023 വരെ കാസർഗോഡ് ജില്ലയിൽ 30675 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി 2024-ൽ പൂർത്തീകരിക്കത്തക്കതരത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. |
| 12 | കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ഗവ. മെഡിക്കൽ കോളേജിനായുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. | കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയ ഗവൺമെന്റ് മെഡിക്കൽ കോളേജിലേക്കുള്ള ശുദ്ധ ജലവിതരണ പദ്ധതിയുടെ പ്രവൃത്തി 61% പൂർത്തീകരിച്ചു. |
| | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><br>കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി സർക്കാർ മെഡിക്കൽ കോളേജിനായുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുക. | പദ്ധതി 20.06.2025-ന് 100% പൂർത്തീകരിച്ചിട്ടുണ്ട്. 10 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി പമ്പ് സെറ്റിന്റെ സ്ഥാപനവും പരീക്ഷണ ഓട്ടവും അടുക്കസ്ഥല-ശിരിയാ നദിയുടെ സമീപമുള്ള ഷെഡിന്റെ നിർമ്മാണവും ക്ലോരിഫ്ലോകുലേറ്ററിന്റെ അറ്റകുറ്റപ്പണികൾ, ലബോറട്ടറി ഉപകരണങ്ങളുടെ വിതരണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കോളേജ് ക്യാമ്പസിൽ വിതരണ പൈപ്പ് ലൈൻ 100% പൂർത്തിയായി പൈപ്പ് ലൈൻ ചാർജ്ജ് ചെയ്തു.<br><br>ഇൻടേക്ക് കിണറിനോട് ചേർന്ന് പമ്പ് ഹൗസിൽ വൈദ്യുതി ജോലികൾക്കായി 07.11.2024, 22.11.2024 & 09.12.2024 തീയതികളിൽ 3 തവണ ടെണ്ടർ ക്ഷണിച്ചു. ബിഡ്ഡുകൾ ഒന്നുംതന്നെ ലഭിക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ നടപടി |

| | | |
|---|---|---|
| | | ഇൻടേക്ക് കിണറിനോട് ചേർന്ന് പമ്പ് ഹൗസിൽ വൈദ്യുതി ജോലികൾക്കായി 07.11.2024, 22.11.2024 & 09.12.2024 തീയതികളിൽ 3 തവണ ടെണ്ടർ ക്ഷണിച്ചു. ബിഡ്ഡുകൾ ഒന്നുംതന്നെ ലഭിക്കാത്തതിനാൽ എസ്റ്റിമേറ്റ് റീക്കാസ്റ്റ് ചെയ്ത് ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. |
| 13 | ശുദ്ധീകരണശാല അധിഷ്ഠിതമായ ശുദ്ധജലവിതരണമാണ് വേണ്ടതെന്ന അഭിപ്രായം സമിതിക്കുണ്ട്. ജലജീവൻ മിഷൻ വഴി ജലവിതരണ പദ്ധതികൾ 2024-ൽ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം മുൻനിർത്തി 2024-ൽ തന്നെ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം ജില്ലയിൽ എല്ലായിടത്തും ശുദ്ധീകരണശാലയിൽ നിന്നുള്ള ജലം എത്തിക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. | ജൽ-ജീവൻ മിഷൻ പദ്ധതികൾ 2024-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതികൾ എല്ലാം തന്നെ ശുദ്ധീകരണശാലയടക്കമുള്ളതാണ്. |

**ഇ. ചന്ദ്രശേഖരൻ,**

ചെയർപേഴ്സൺ,

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം

21.01.2026.